## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 306** — 1.12.2014-ന് മറുപടിക്ക്

### മൂന്നാറിൽ ബയോഡൈവർസിറ്റി ബൊട്ടാണിക്കൽ ഗാർഡൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

.....

| | |
|---|---|
| (എ) മൂന്നാറിൽ ബയോഡൈവർസിറ്റി ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; | (എ) മൂന്നാറിൽ ദേശീയ ജൈവവൈവിധ്യ ഉദ്യാനം തുടങ്ങുന്നതിന്റെ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ; | (ബി) ദേശീയ ജൈവവൈവിധ്യ ഉദ്യാനവും നാട്ടറിവ് കേന്ദ്രവും സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി ഇടുക്കി ജില്ലാകളക്ടർ, ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഉദ്യോഗസ്ഥ സംഘം മൂന്നാറിലെ വട്ടവട, കുണ്ടള, ദേവികുളം പ്രദേശങ്ങളിൽ സന്ദർശിച്ച് തയ്യാറാക്കിയ പ്രാരംഭ റിപ്പോർട്ട് ദേശീയ ജൈവവൈവിധ്യ അതോറിറ്റിക്ക് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനങ്ങൾക്കായി ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നും ഇതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. ജൈവവൈവിധ്യ ബോർഡിന്റെ 2014-2015 വർഷത്തെ പ്ലാൻ ഫണ്ടിൽ 9.1 ലക്ഷം രൂപ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ